**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 447** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രവിഹിതം വെട്ടിക്കുറച്ചതിന്റെ വിശദാംശം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം ഓരോ സാമ്പത്തിക വർഷവും വെട്ടിക്കുറച്ചത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; | (എ) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം. ഡിവിസിബിൾ പൂളിൽ നിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിനു നികുതി വിഹിതമായി ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും കേന്ദ്രം വരുത്തുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധ കേന്ദ്ര പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽ ലഭ്യമാകുന്ന തുകയിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തി കൊണ്ടിരിക്കുന്നത്. ഈയിനത്തിൽ 2022-23 സാമ്പത്തിക വർഷം പ്രതീക്ഷിച്ചിരുന്നത് 9217.79 കോടി രൂപയായിരുന്നുവെങ്കിലും യഥാർത്ഥത്തിൽ ലഭിച്ചത് 4587.79 കോടി രൂപ മാത്രമാണ്. ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022-ജൂൺ മാസത്തിൽ നിർത്തലാക്കിയതിലൂടെ പ്രതിവർഷം ശരാശരി 12000 കോടി രൂപയുടെ വരുമാനകുറവാണ് സംസ്ഥാനത്തിനുണ്ടാവുക. 2023-24 സാമ്പത്തിക വർഷം റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ 2022-23-നെ അപേക്ഷിച്ച് 8,400 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള വായ്പാപരിധി വെട്ടിക്കുറച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് ചൂണ്ടിക്കാട്ടിയും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ചും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് |

| | | | |
|---|---|---|---|
| | | | വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബിയും, KSSPL യും എടുത്ത കടം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാലു തവണകളായി 2022-23 സാമ്പത്തിക വർഷം മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്നും കേന്ദ്രസർക്കാർ കുറച്ചു വരികയാണ്. എന്നാൽ 2023-24-ലെ തവണ അടുത്ത 2 സാമ്പത്തിക വർഷങ്ങളിലായി 2 തവണകളായി തിരിച്ചു പിടിക്കും എന്നറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ